**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **25-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ വനമേഖലകളിൽ പ്രവർത്തിക്കുന്ന ദ്രുതകർമ്മസേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നോർത്ത്, സൗത്ത് ഫോറസ്റ്റ് ഡിവിഷനുകളിലെ വനമേഖലകളിൽ എത്ര ദ്രുതകർമ്മസേനകൾ (ആർ.ആർ.ടി.) പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ടീമിലുമുള്ള ഉദ്യോഗസ്ഥരുടെ തസ്തികയും എണ്ണവും അറിയിക്കാമോ; | (എ) | നിലവിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത് ഡിവിഷനു കീഴിൽ ഒരു ദ്രുതകർമ്മ സേന പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിലെ തസ്തികകളും ഉദ്യോഗസ്ഥരുടെ എണ്ണവും അനുബന്ധം 1 ആയി ചേർക്കുന്നു. കൂടാതെ 31.05.2024-ലെ സർക്കാർ ഉത്തരവ് (കൈ) നം 23/2024/വനം പ്രകാരം, മലപ്പുറം ജില്ലയിൽ നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിലെ കാളികാവ് റെയ്ഞ്ചിന്റെ പരിധിയിലുള്ള കരുവാരകുണ്ട് ആസ്ഥാനമായി ഒരു സ്ഥിരം ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിലെ വനമേഖലകളിൽ പ്രവർത്തിക്കുന്ന ദ്രുതകർമ്മസേനയിൽ സ്ഥിരം ജീവനക്കാർക്ക് പുറമേ താല്ക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ പേരും വിലാസവും ഇവരെ നിയമിച്ച രീതിയും നൽകുന്ന വേതനവും അടക്കമുള്ള വിവരങ്ങൾ നൽകാമോ; | (ബി) | മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ദ്രുതകർമ്മ സേനയിൽ സ്ഥിരം ജീവനക്കാർക്കു പുറമേ മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ കാട്ടിലേയ്ക്ക് സുരക്ഷിതമായി തിരിച്ച് അയയ്ക്കുന്നതിലേയ്ക്കായി നാലുപേരെ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരായി നിയോഗിച്ചിട്ടുണ്ട്. ആയത് അനുബന്ധം 2ആയി ചേർക്കുന്നു. |
| (സി) | വന്യമൃഗ സംഘർഷങ്ങൾ നേരിടുന്നതിന് മലപ്പുറം ജില്ലയിലെ ദ്രുതകർമ്മസേനകൾക്ക് എത്ര വാഹനങ്ങളും എന്തെല്ലാം ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ടെന്ന് ആർ.ആർ.ടി. തിരിച്ച് വിവരം ലഭ്യമാക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ ദ്രുതകർമ്മസേനയുടെ ഉപയോഗത്തിനായി ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. ആയതിന്റെയും മറ്റു ഉപകരണങ്ങളുടെയും വിവരം അനുബന്ധം 3ആയി ചേർക്കുന്നു. |
| (ഡി) | ദ്രുതകർമ്മസേന നിലവിൽ വന്നതിനു ശേഷം മലപ്പുറം ജില്ലയിൽ വന്യമൃഗ ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്നും വന്യമൃഗങ്ങൾ വരുത്തിയ കൃഷിനാശത്തിന് എത്ര പേർക്ക് സഹായധനം | (ഡി) | മലപ്പുറം ജില്ലയിൽ ദ്രുത കർമ്മസേന നിലവിൽ വന്ന 2011-നു ശേഷം മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ (പാമ്പു കടിയേറ്റതടക്കം) മരണപ്പെട്ടവരുടെ എണ്ണവും കൃഷിനാശത്തിൽ ധനസഹായം ലഭിച്ചവരുടെ |

| | | | |
|---|---|---|---|
| | വിതരണം ചെയ്യുവെന്നും ഫോറസ്റ്റ് സ്റ്റേഷനുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | | എണ്ണവും ഫോറസ്റ്റ് സ്റ്റേഷനുകൾ തിരിച്ച് അനുബന്ധം 4 ആയി ചേർക്കുന്നു. |
| (ഇ) | മലപ്പുറം ജില്ലയിൽ പുതിയ ദ്രുതകർമ്മസേന ടീം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | 31-05-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം. 23/2024/വനം പ്രകാരം മലപ്പുറം ജില്ലയിൽ നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിലെ കാളികാവ് റെയ്ഞ്ചിന്റെ പരിധിയിലുള്ള കരുവാരക്കുണ്ട് ആസ്ഥാനമായി ഒരു സ്ഥിരം ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു സെക്ഷന് ഫോറസ്റ്റ് ഓഫീസർ, ഒരു ഡ്രൈവർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1.</u>

| ക്രമ നം. | തസ്തിക | അനുവദിച്ച എണ്ണം | നിലിവിലെ എണ്ണം |
|---|---|---|---|
| 1. | ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 | 1 |
| 2. | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 2 | 2 |
| 3. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 5 | 5 |
| 4. | റിസർവ്വ് ഫോറസ്റ്റ് വാച്ചർ | 1 | 1 |
| 5. | ഡ്രൈവർ | 1 | 0 |
| | **ആകെ** | **10** | **9** |

Noushad S

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം – 2</u>

| ക്രമ നം. | പേരും വിലാസവും | നിയമന രീതി | ശരാശരി മാസവേതനം |
|---|---|---|---|
| 1. | ശ്രീ. അബ്ദുൾ അസീസ് സി.ടി, S/o. മുഹമ്മദ്, ചക്കിങ്ങത്തോട് ഹൗസ്, എരഞ്ഞിമങ്ങാട് പി.ഒ. നിലമ്പൂർ | ദിവസ വേതനം | 18,055/- |
| 2. | ശ്രീ. ഫൈസൽ വി.ടി, S/o.ആദം, വെണ്ണത്തൊടിക ഹൗസ്, പെരകമണ്ണ, ഒതായി | ദിവസ വേതനം | 19,375 |
| 3. | ശ്രീ. പ്രകാശൻ കെ., S/o. രാജൻ കെ. കളപ്പറമ്പിൽ ഹൗസ്, കോവിലത്തുമുറി പി.ഒ., നിലമ്പൂർ | ദിവസ വേതനം | 19,375 |
| 4. | ശ്രീ. നിസാർ ഇ, S/o. മുഹമ്മദ് ഇ., പുളിക്കത്തൊടി ഹൗസ്, കൊളത്തൂർ പി.ഒ., കാലിക്കറ്റ് എയർപ്പോർട്ട് | ദിവസ വേതനം | 19,375 |

Noushad

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -3

| ക്രമ നം. | വിവരണം | എണ്ണം |
|---|---|---|
| 1. | ബൊലേറോ ക്യാമ്പർ ജീപ്പ് - KL-01-CA-726 | 1 |
| 2. | സാംസംഗ് മൊബൈൽ ഫോണും ചാർജ്ജറും സിം കാർഡും | 1 |
| 3. | 0.303 റൈഫിളിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പെല്ലറ്റ് | 3 |
| 4. | സെർച്ച് ലൈറ്റ് | 3 |
| 5. | പോർട്ടബിൾ ജനറേറ്ററും (ഹോണ്ട) അനുബന്ധ ഉപകരണങ്ങളും | 1 |
| 6. | സേനാംഗങ്ങൾക്കുള്ള ജാക്കറ്റ് | 8 |
| 7. | ക്യാമ്പിംഗ് ടെന്റ് | 2 |
| 8. | ഡൈനാമിക് ക്ലൈംബിംഗ് റോപ്പ് | 1 |
| 9. | ആന്റിയർട്ട് ഹെൽമറ്റ് | 8 |
| 10. | റാക്ക്സാക്ക് | 7 |
| 11. | 0.315 റൈഫിൾ | 2 |
| 12. | സ്ലീപ്പിംഗ് ബാഗ് | 8 |
| 13. | 0.315 ബുള്ളറ്റുകൾ | 10 |
| 14. | KA 513 സ്നേക് ക്യാച്ചർ | 1 |
| 15. | നൈലോൺ വലയും കയറും | 1 സെറ്റ് |
| 16. | ഹെഡ് ലാമ്പ് | 1 |
| 17. | LED ഫ്ലഡ് ലൈറ്റ് | 2 |
| 18. | 35 ലിറ്റർ ജെറി ക്യാൻ | 1 |
| 19. | ലോംഗ് ഹാൻഡിൽ കത്തി | 1 |
| 20. | ഇക്കോ ടോംഗ്സ് സ്നേക് ക്യാച്ചർ, സ്നേക് ഹുക്ക് (വലുത് 1, ചെറുത് 1) | 1 |
| 21. | ഇരുമ്പ് കൂടുകൾ | 4 |
| 22. | ഫസ്റ്റ് എയിഡ് കിറ്റ് | 1 |
| 23. | സ്നേക് ക്യാച്ചർ സ്നേക് ടോംഗ് (ടോർച്ചോട്ടു കൂടിയത്) | 1 |
| 24. | ക്യാമ്പിംഗ് ടെന്റ് വലുത് | 1 |
| 25. | അലുമിനിയം സ്നേക് ക്യാച്ചർ (4 അടി) | 2 |
| 26. | റീച്ചാർച്ചബിൾ ടോർച്ച് -ബ്ലാക്ക് | 5 |
| 27. | ട്രാപ് കേജ് -ചെറുത് | 1 |
| 28. | ട്രാപ് കേജ് - വലുത് | 1 |
| 29. | ലോംഗ് ഹാൻഡഡ് സ്റ്റീൽ ഹുക്ക് | 2 |
| 30. | നൈലോൺ നെറ്റ് (പുലിയെ പിടിക്കാനുള്ളത്) | 1 |
| 31. | സ്നേക് ക്യാപ്ച്ചറിംഗ് ബാഗ് (സ്റ്റീൽ ഫ്രെയിം) | 3 |

| | | |
|---|---|---|
| 32. | ട്രൈപ്പോഡ് ബാർ (ജി.ഐ. പൈപ്പ്) | 1 |
| 33. | നൈലോൺ വല (ഇരുമ്പ് ഫ്രെയിം), കയർ | 1 |
| 34. | ബിൽ ഹുക്ക് വലുത് | 2 |
| 35. | ബിൽ ഹുക്ക് ചെറുത് | 2 |
| 36. | സേഫ്റ്റി ബെൽറ്റ് | 1 |
| 37. | 3.1 എച്ച്.പി. ചെയിൻ സാ & അഡീഷണൽ ചെയിൻ | 1 |
| 38. | ഹോണ്ട ബ്രഷ് കട്ടർ | 1 |
| 39. | ട്രിമ്മർ ഹെഡ് | 1 |
| 40. | നൈറ്റ് സെർച്ചർ ടിഗർ പ്രോ ടോർച്ച് | 2 |

Noushad. S

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം 4**</u>

| ക്രമ നം. | ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷൻ | മരണപ്പെട്ടവരുടെ എണ്ണം | കൃഷിനാശത്തിന് ധനസഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 1. | അകമ്പാടം ഫോറസ്റ്റ് സ്റ്റേഷൻ | 3 | 181 |
| 2. | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ | 1 | 378 |
| 3. | എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ | 10 | 298 |
| 4. | കൊട്ടമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ | 24 | 676 |
| 5. | നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ | 3 | 60 |
| 6. | പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ | 4 | 139 |
| 7. | വാണിയമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ | 1 | 0 |
| 8. | കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ | 51 | 561 |
| 9. | ചക്കിക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ | 6 | 425 |
| 10. | പട്ടക്ക ഫോറസ്റ്റ് സ്റ്റേഷൻ | 1 | 0 |
| 11. | നെടുങ്കയം ഫോറസ്റ്റ് സ്റ്റേഷൻ | 1 | 0 |
| 12. | പനയങ്ങോട് സെക്ഷൻ | 3 | 79 |
| 13 | വെള്ളുവശ്ശേരി സെക്ഷൻ | 4 | 179 |
|  | **ആകെ** | **112** | **2976** |

Noushad S

**സെക്ഷൻ ഓഫീസർ**